പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 6298

**20.11.2019** -ലെ മറുപടിയ്ക്ക്

# വൈദഗ്ധ്യമുള്ളവരുടെ സേവനം ലഭ്യമാക്കുന്ന മൊബൈൽ ആപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) വിവിധ മേഖലകളിൽ വൈദഗ്ധ്യം ആർജ്ജിച്ചവർക്ക് സ്വയം തൊഴിൽ സാദ്ധ്യത കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് അവരുടെ സേവനം ഉപയോഗപ്പെടുത്താനുമായി തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാകുന്നുണ്ടോ;<br><br>ബി) ഏതൊക്കെ തൊഴിൽ മേഖലകളിലുള്ളവരുടെ സേവനമാണ് മൊബൈൽ ആപ്പിലൂടെ ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ; | (എ)യും (ബി)യും ഉണ്ട്. ദൈനംദിനഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന മൊബൈൽ ആപ്ലിക്കേഷൻ "സ്കിൽരജിസ്റ്റി" എന്നപേരിൽ തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, വ്യാവസായിക പരിശീലനവകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ് എന്നിവരുടെ സഹകരണത്തോടെ പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന രീതിയിൽ 10.07.2019-ൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലാണ് സേവനം ലഭ്യമാക്കിയിരിക്കുന്നത്.<br><br>തൊഴിൽ വൈദഗ്ധ്യമുള്ളവർക്ക് സർവീസ് പ്രൊവൈഡർ ആയും, ഇവരുടെ സേവനം ആവശ്യമുള്ളവർക്ക് കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.പ്രാഥമിക ഘട്ടത്തിൽ വ്യാവസായിക പരിശീലന വകുപ്പ്, കുടുംബശ്രീ വഴി പരിശീലനം ലഭിച്ച തിരുവനന്തപുരം ജില്ലയിലെ വിദഗ്ധ തൊഴിലാളികളെ ഈ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ചു വരികയാണ്. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ AC, Washing Machine, Refrigerator, Oven, Fan/Iron Box , Computer, Mixer & Grinder Service and Repair, Electrician, Plumber, Carpenter, Painter, Coconut Climber, Day care-Child care in home, Driver, Gardening & Landscaping, Geriatric care-in home/hospitals, Grass Cutting, Home |

| | |
|---|---|
| | Cleaning / House Keeping, House Maid, Laundry & Ironing, Masonry- Small Construction work/Renovation/Compost pit/Ring work, Mobile Beauty Parlour- Services @home, Santhwanam- Health Check up @ Home(Sugar , Cholesterole.BP), Television Repair and Installation എന്നിങ്ങനെ 24 സേവനമേഖലകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ പൊതുജനങ്ങൾക്ക് സർട്ടിഫൈഡ് ടെക്നീഷ്യന്മാരെയും സ്വയം തൊഴിൽ വൈദഗ്ധ്യമുള്ള സേവനദാതാക്കളെയും ഒറ്റ ക്ലിക്കിൽ കണ്ടെത്താൻ സാധിക്കും. |
| സി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) ഐ.ടി.ഐ, കുടുംബശ്രീ ട്രെയിനിംഗ് പ്രോഗ്രാം വഴി രജിസ്റ്റർ ചെയ്യുന്നവരെ അതാത് വകുപ്പുകൾ തന്നെ സാക്ഷ്യപ്പെടുത്തി അപ്രൂവൽ ചെയ്യുന്ന സംവിധാനമാണ് ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളത്. വാർഡുതലത്തിൽ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഇല്ലാതെവരുന്ന തൊഴിൽ വൈദഗ്ധ്യമുള്ള വ്യക്തികളെ കണ്ടെത്തി സ്കിൽരജിസ്ട്രി മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനു പഞ്ചായത്ത് തലത്തിലെ വാർഡ് മെമ്പർമാർ അതാത് മേഖലയിലെ അവരുടെ പ്രവർത്തിപരിചയം കൂടി വിലയിരുത്തി പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്.<br>സ്കിൽരജിസ്ട്രി മൊബൈൽ ആപ്ലിക്കേഷനിലൂടെ ഇടനിലക്കാരില്ലാതെ വ്യക്തികൾക്ക് സ്വന്തം കഴിവിനനുസരിച്ചുള്ള തൊഴിൽ സാധ്യത കണ്ടെത്താനും ഉപഭോക്താക്കൾക്കു അവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ വിദഗ്ധരുടെ സേവനം ലഭ്യമാക്കാനും സാധിക്കും. |
| ഡി) പൊതുജനങ്ങൾക്ക് ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ വൈദഗ്ധ്യമുള്ളവരുടെ സേവനം ലഭ്യമാക്കുന്ന മൊബൈൽ ആപ്പ് എന്നത്തേക്ക് തയ്യാറാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) പൊതുജനങ്ങൾക്ക് ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ വൈദഗ്ധ്യമുള്ളവരുടെ സേവനം ലഭ്യമാക്കുന്ന മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലാണ് ഇതിന്റെ സേവനം ലഭ്യമാക്കിയിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയ ശേഷം മറ്റുജില്ലകളിലും വ്യാപിപ്പിക്കും. |

**സെക്ഷൻ ഓഫീസർ**